# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**മാതൃകാ കോളനികൾ**

7016

## ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി കോളനികളെ മാതൃകാ കോളനികളാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമുളള എത്ര കോളനികളെയാണ് ഇതിനായി തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) മാതൃകാ കോളനികളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെന്നു വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത കോളനികളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിനകം എത്ര കോളനികളിൽ ഈ പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ**

7017 **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമത്തിനായി കഴിഞ്ഞ രണ്ടു വർഷക്കാലത്ത് നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമക്കാമോ ;

(ബി) ഇതിനായി മൊത്തം എന്ത് തുക ചെലവിട്ടു; എത്ര പേർക്ക് ആനുകൂല്യം ലഭിച്ചു ?

(സി) പ്രസ്തുത പദ്ധതികൾ പ്രകാരമുള്ള ധനസഹായം ലഭിക്കുന്നതിന് സമർപ്പിച്ച എത്ര അപേക്ഷകളാണ് തീർപ്പുകല്പിക്കാൻ അവശേഷിക്കുന്നത്?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കേരളത്തിലെ പട്ടികജാതി കോളനിയെപ്പറ്റി കില നടത്തിയ സർവ്വെ**

**7018 ശ്രീ. അൻവർ സാദത്ത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പട്ടികജാതി കോളനിയെപ്പറ്റി കില നടത്തിയ സമഗ്ര സർവ്വെ പ്രകാരം ആലുവ മണ്ഡലത്തിലെ അങ്കമാലി ബ്ലോക്കിൽ ഉൾപ്പെടുന്ന തിരുനാരായണപുരം കോളനി എന്നറിയപ്പെടുന്ന പാറപ്പുറം പട്ടികജാതി കോളനിയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ ;

(ബി) 50ൽ പരം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കോളനികൾക്ക് ഏർപ്പെടുത്തിയ വികസന പാക്കേജ് എന്തുകൊണ്ടാണ് 70ൽ പരം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന ആലുവ നിയോജക മണ്ഡലത്തിലെ തിരുനാരായണപുരം കോളനി എന്ന പാറപ്പുറം കോളനിയ്ക്ക് കഴല=ിഞ്ഞ സാമ്പത്തികവർഷം നിഷേധിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോളനിയെക്കുറിച്ച് കില നടത്തിയ സർവ്വേയിൽ അപാകം സംഭവിച്ചിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ**

7019 ശ്രീ. കെ. ശിവദാസൻ നായർ
,, എം. പി. വിൻസെന്റ്
,, ലൂഡി ലൂയിസ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായ ക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ ഈ സർക്കാർ എന്തെല്ലാം വർദ്ധന വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് എന്നീ തലങ്ങളിലെ സ്കോളർഷിപ്പ് തുകയിൽ എത്ര ശതമാനം വർദ്ധന വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകുന്ന മറ്റ് ആനുകൂല്യങ്ങളിൽ എത്ര ശതമാനം വർദ്ധന വരുത്തിയിട്ടുണ്ട്; വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>പട്ടികജാതിക്ഷേമ വകുപ്പിന്റെ കീഴിൽ മെഡിക്കൽ കോളേജ്</u>

7020 ശ്രീ. കെ. അച്ചുതൻ
'' കെ. ശിവദാസൻ നായർ
'' ലൂഡി ലൂയിസ്
'' ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെ കീഴിൽ മെഡിക്കൽ കോളേജ് തുടങ്ങുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിന്റെ പ്രാരംഭ പ്രവർത്തനത്തിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**പട്ടികജാതിക്ഷേമവകുപ്പിന്റെ ചികിൽസാ ധനസഹായം**

**7021 ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി** സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്ഷേമ വകുപ്പിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചവരിൽ എത്രപേർക്ക് ധനസഹായം വിതരണം ചെയ്യാനുണ്ടെന്നും ഈ ഇനത്തിൽ ആകെ എത്ര രൂപ വിതരണം ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ആലപ്പുഴ ജില്ലയിൽ പ്രസ്തുത ധനസഹായ വിതരണം എത്ര മാസമായി മുടങ്ങി കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) പട്ടികജാതിയിൽപ്പെട്ട നിർധനരായ രോഗികൾക്ക് ചികിത്സാ സഹായം അനുവദിച്ച് മാസങ്ങൾക്ക് ശേഷമാണ് വളരെയേറെ കാത്തിരുന്ന് ഒട്ടേറെ കഷ്ടപ്പാടുകൾ സഹിച്ചാണ് പണം ലഭിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കാലതാമസം ഒഴിവാക്കാനും ഇത്തരം രോഗികൾക്ക് എത്രയും വേഗം ധനസഹായം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**മിശ്രവിവാഹിതരായ ദമ്പതികളുടെ മക്കൾക്ക് ജാതി സർട്ടിഫിക്കറ്റ്**

**7022** **ശ്രീമതി കെ. കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതരുടെ മക്കൾക്ക് അവരുടെ പിതാവോ മാതാവോ ആരെങ്കിലും ഒരാൾ പട്ടികജാതിയിൽ ഉൾപ്പെട്ടിരുന്നാൽ പട്ടികജാതി സർട്ടിഫിക്കറ്റ് നൽകുന്നുണ്ടോ;

(ബി) അപ്രകാരം സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അപേക്ഷകനെ/അപേക്ഷകയെ ബന്ധപ്പെട്ട പട്ടികജാതി സമുദായം ഒരു സമുദായംഗമായി അംഗീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(സി) ബന്ധപ്പെട്ട പട്ടികജാതി സമുദായം അപേക്ഷകനെ/അപേക്ഷകയെ സമുദായംഗമായി അംഗീകരിച്ചുവെന്നതിന് അപേക്ഷകർ എന്ത് തെളിവാണ് നൽകേണ്ടതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യം വ്യവസ്ഥ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗക്കാരുടെ വായ്പ</u>

7023 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി വിഭാഗക്കാരുടെ വായ്പ എഴുതിത്തള്ളുന്നതിന്റെ ഭാഗമായി എന്തു തുക വീതമുള്ള വായ്പകളാണ് എഴുതി തള്ളിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം എത്ര പേരുടെ എന്തു തുക പലിശയും പിഴപലിശയും സഹിതം എഴുതിത്തള്ളിയെന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**എസ്.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ്**

7024 **ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്കൂളുകളിൽ പഠിക്കുന്ന എസ്.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പുതുക്കിയ സ്റ്റൈപ്പന്റ് തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ; ആലപ്പുഴ ജില്ലയിലെ മുഴുവൻ സ്കൂളുകളിലും 2012-13 വർഷത്തെ സ്റ്റെപ്പന്റും ലംപ്സംഗ്രാന്റും വിതരണം ചെയ്തിട്ടുണ്ടോ ; എങ്കിൽ പുതുക്കിയ നിരക്കിലുള്ള തുകയാണോ വിതരണം ചെയ്തത്; ഫണ്ടിന്റെ അപര്യാപ്തത മൂലം എല്ലാ കുട്ടികൾക്കും ഗ്രാന്റ് തുക ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മാവേലിക്കര മണ്ഡലത്തിലെ സ്ക്കൂളുകളിൽ സ്റ്റൈപ്പന്റ്, ലംപ്സംഗ്രാന്റ് എന്നിവയുടെ വിതരണം പൂർണ്ണമായി നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; ഉണ്ടെങ്കിൽ എല്ലാ കുട്ടികൾക്കും ഗ്രാന്റ് തുക ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കാമോ ; ഗ്രാന്റ് തുക അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; തുക അടിയന്തിരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) മാവേലിക്കര മണ്ഡലത്തിൽ എസ്.സി. വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത ഗ്രാന്റ് തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; എത്ര കുട്ടികൾക്ക് തുക ലഭിച്ചു; വിതരണം ചെയ്ത തുകയുടെ സ്കൂൾ തിരിച്ചുള്ള വിശദമായ കണക്ക് ലഭ്യമാക്കുമോ ; പ്രസ്തുത സ്കൂളുകളിൽ തുക ലഭിക്കാത്ത കുട്ടികളുണ്ടോ ; വ്യക്തമാക്കാമോ ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**<u>പട്ടികജാതി കുടുംബങ്ങൾക്ക് കിടപ്പാടം</u>**

**7025**

**ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പട്ടികജാതിവിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് കിടപ്പാടം ലഭ്യമായിട്ടുണ്ടെന്ന് മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ പട്ടികജാതിയിൽപ്പെട്ട എത്ര കുടുംബങ്ങൾക്ക് ഇനിയും കിടപ്പാടം ലഭ്യമാക്കാനുണ്ടെന്ന് മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) പ്രസ്തുത കുടുംബങ്ങൾക്ക് കിടപ്പാടം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>ലംപ്സം ഗ്രാന്റ് കുടിശ്ശിക</u>

7026 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരമൊഴിഞ്ഞശേഷം പട്ടികജാതി വിഭാഗ ത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് നൽകുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തെ കുടിശ്ശിക യുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടിശ്ശിക എന്ന് നൽകാനാവുമെന്ന് വ്യക്ത മാക്കുമോ;

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലപ്സം ഗ്രാന്റ് കുടിശ്ശിക വരുത്താതെ തുടർന്നു നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**തൃശൂർ ജില്ലയിൽ 'വിജ്ഞാൻ വാടി'**

**7027 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിൽ ഏതെല്ലാം പട്ടികജാതി കോളനികളിലാണ് 'വിജ്ഞാൻ വാടി' പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ കോളനികളിലും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കൊടക്കോട് ഗവൺമെന്റ് മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കന്ററി കോഴ്സ്**

**7028**

**ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കൊടക്കോട് ഗവൺമെന്റ് മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിക്കാനുളള സാഹചര്യങ്ങൾ ഉണ്ടായിട്ടും പ്രസ്തുത കോഴ്സ് ആരംഭിക്കാത്തതെന്തുകൊണ്ട്; കാരണം വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പ്രീ മെട്രിക് ഹോസ്റ്റലുകൾ**

**7029 ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിലുള്ള എട്ട് പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലുകൾ ഏതെല്ലാമാണ്;

(ബി) കുളക്കട എം. ആർ. ഐ. റ്റി. സിയുടെ നവീകരണത്തിന് ഈ സർക്കാർ അധികാരമേറ്റ ശേഷം ധനസഹായം നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത തുക ഉപയോഗിച്ച് എന്തെല്ലാം നവീകരണ പ്രവൃത്തികളാണ് നടത്തിയത്;

(ഡി) കൊട്ടാരക്കര മണ്ഡലത്തിലെ പ്രീമെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>നവോദയപുരം ഹരിജൻ കോളനിയിലെ കുടിവെള്ള ക്ഷാമം</u>**

**7030 ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **അങ്കമാലി നിയോജക മണ്ഡലത്തിലെ ഉയർന്ന പ്രദേശമായ മലയാറ്റൂർ-നീലീശ്വരം പഞ്ചായത്തിലെ 70 ഓളം ഹരിജൻ കുടുംബങ്ങൾ താമസിക്കുന്ന നവോദയപുരം (ചീത്തപ്പാറ) ഹരിജൻ കോളനിയിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ;**

(ബി) **എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?**

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകുന്ന വായ്പ</u>**

7031 **ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**
**,, വി. ഡി. സതീശൻ**
**,, എ. പി. അബ്ദുള്ളക്കുട്ടി**
**,, ഐ. സി. ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായ ക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വിവിധ വായ്പാ പദ്ധതികളിലായി എത്ര കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പിന്നോക്കവിഭാഗങ്ങളിലെ എത്ര ഗുണഭോക്താക്കൾക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്; വിശദമാക്കുമോ;

(സി) പ്രസ്തുത കോർപ്പറേഷൻ സ്വയംതൊഴിൽ, വിദ്യാഭ്യാസം, വിവാഹം എന്നീ ഇനങ്ങളിലായി നൽകുന്ന വായ്പ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പാക്കി വരുന്ന പദ്ധതികൾ**

7032 **ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;**

(ബി) **ഏതെല്ലാം തലങ്ങളിലെ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് കോർപ്പറേഷൻ വായ്പ നൽകുന്നത്; വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്ത്; വിശദാംശം നൽകുമോ ?**

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>ടൂറിസം വകുപ്പ് നേടിയെടുത്ത കേന്ദ്ര പദ്ധതികൾ</u>

7033

ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സഹായം ലഭിക്കുന്ന ടൂറിസം പദ്ധതികൾ നേടിയെടുക്കുന്നതിൽ മുൻസർക്കാരിന്റെ കാലത്ത് ടൂറിസം വകുപ്പിന് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 2006 - 2011 കാലയളവിൽ എത്ര കോടി രൂപയുടെ പദ്ധതികൾ നേടിയെടുക്കാൻ സാധിച്ചുവെന്നതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം പദ്ധതികൾക്കായി എന്തു തുക നേടിയെടുക്കാൻ കഴിഞ്ഞുവെന്നും പ്രസ്തുത പദ്ധതികൾ എപ്പോൾ തയ്യാറാക്കി സമർപ്പിക്കപ്പെട്ടവയായിരുന്നുവെന്നും വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**<u>ഇക്കോ ടൂറിസം പദ്ധതികൾ</u>**

T7034 **ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി**
**,, പി. കെ. ബഷീർ**
**,, സി. മമ്മുട്ടി**
**,, വി. എം. ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇക്കോ ടൂറിസം വികസനത്തിന്റെ ഭാഗമായുള്ള പദ്ധതികളുടെ പ്രവർത്തനം നിരീക്ഷണവിധേയമാക്കാറുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച കണ്ടെത്തലുകൾ വിശദമാക്കാമോ;

(ബി) 'ഗാന്ധിസ്മൃതിവനം' എന്ന പദ്ധതിയിൻ കീഴിൽ പുതിയ ഇക്കോ ടൂറിസം പ്രോജക്ടുകൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഇക്കോ ടൂറിസം പദ്ധതികൾ സജീവമാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>ഇക്കോ ടൂറിസം പദ്ധതി</u>

T7035 ശ്രീ. പാലോട് രവി
'' എം.പി. വിൻസെന്റ്
'' ഹൈബി ഈഡൻ
'' വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇക്കോ ടൂറിസം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരി ക്കുന്നത്;

(ബി) നിലവിൽ ഏതൊക്കെ തോട്ടങ്ങളിലും വനമേഖലകളിലുമാണ് പ്രസ്തുത പദ്ധതി നടപ്പാക്കിവരുന്നത്;

(സി) കൂടുതൽ സ്ഥലങ്ങളിലേക്ക് ഇത് വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>മാലിന്യ വിമുക്ത ടൂറിസം കേന്ദ്രം പദ്ധതി</u>

7036 ശ്രീ. പി. സി. വിഷ്ണുനാഥ്
,, സണ്ണി ജോസഫ്
,, ജോസഫ് വാഴക്കൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മാലിന്യ വിമുക്ത ടൂറിസം കേന്ദ്രം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നല്കാമോ;

(സി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എല്ലാ പ്രമുഖ ടൂറിസം കേന്ദ്രങ്ങളിലും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>പരസ്യംമുഖേനയുള്ള ടൂറിസം പ്രൊമോഷൻ</u>

7037 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് ഈ വർഷം നടപ്പിലാക്കുന്നടൂറിസം മാർക്കറ്റിംഗ് പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കുമോ; ഇക്കാര്യത്തിൽ വിവിധ ഇനങ്ങളിലായി എത്ര കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ടിട്ടുണ്ട്;

(ബി) പരസ്യ ഇനത്തിൽ ഈ വർഷംഎത്രകോടി രൂപയാണ് ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നത്; പരസ്യവുമായി ബന്ധപ്പെട്ട ഏതെല്ലാം നിർദ്ദേശങ്ങൾക്കാണ് അംഗീകാരം ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ടൂറിസം വകുപ്പുമന്ത്രിയുടെ നിർദ്ദേശത്തെത്തുടർന്ന് കഴിഞ്ഞ വർഷം 5000 രൂപയ്ക്കു മുകളിലുള്ള തുക പരസ്യ ചാർജ്ജായി ആർക്കെല്ലാം നല്കുകയുണ്ടായി; വിശദമാക്കുമോ; ഈ വർഷം ഇതിനകം നല്കിയ പരസ്യ ചാർജ്ജ് എത്ര; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>കായൽ ടൂറിസം</u>

7038 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കായൽ ടൂറിസവുമായി ബന്ധപ്പെട്ട എത്ര പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) കായൽ ടൂറിസവുമായി ബന്ധപ്പെട്ട എത്ര പ്രോജക്ടുകൾ പരിഗണനക്കായി ലഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) കഠിനംകുളം കായലിനേയും അതിനോട് ചേർന്നുള്ള പ്രദേശങ്ങളേയും ബന്ധപ്പെടുത്തി ഈ സർക്കാർ അധികാരമേറ്റ ശേഷം സമർപ്പിക്കപ്പെട്ട പ്രോജക്ട് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ടൂറിസം മേഖലയിലെ പ്രതിസന്ധി മറികടക്കുവാൻ നടപടി**

7039 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) യൂറോപ്യൻ രാജ്യങ്ങളിലുണ്ടായ സാമ്പത്തിക പ്രതിസന്ധിയും, വിമാനയാത്രാനിരക്കിലുണ്ടായ വർദ്ധനവും സംസ്ഥാനത്തെ ടൂറിസം മേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത് ഏതെല്ലാം തരത്തിലാണ് സംസ്ഥാനത്തെ ദോഷകരമായി ബാധിച്ചിട്ടുളളതെന്ന് വിശദമാക്കാമോ;

(സി) ഇത് മറികടക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

### അമിനിറ്റി സെന്ററുകൾ

7040

ശ്രീ. ഷാഫി പറമ്പിൽ
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിനായി അമിനിറ്റി സെന്ററുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യവും പ്രവർത്തന രീതികളും എന്തൊക്കെയാണ്;

(സി) ഇതിന്റെ പൈലറ്റ് പ്രോജക്ട് എവിടെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ബാക്ക് വാട്ടർ ടൂറിസം**

7041 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബാക്ക് വാട്ടർ ടൂറിസം വികസനത്തിന് കേന്ദ്രസർക്കാർ അംഗീകരിച്ച വികസന മാസ്റ്റർ പ്ലാനിന്റെ പരിധിയിൽപ്പെടുന്ന പ്രദേശങ്ങൾ ഏതൊക്കെയാണ്;

(ബി) ഇതിന്റെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

## <u>ടൂറിസം ഇൻഫർമേഷൻ സെന്റർ</u>

7042 ശ്രീ. ഡൊമനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ
,, കെ. അച്ചുതൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടൂറിസം ഇൻഫർമേഷൻ സെന്ററുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാം;

(ബി) പ്രസ്തുത സെന്ററുകൾ വിനോദ സഞ്ചാരികൾക്കായി എന്തെല്ലാം സേവനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

(സി) ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇവയുടെ പ്രവർത്തനം നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എല്ലാ സെന്ററുകളിലും ബ്ലൂ ടൂത്ത് കിയോസ്ക്കുകൾ സ്ഥാപിക്കണമെന്ന കാര്യം പരിഗണിക്കുമോ ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>ടൂറിസം പ്രചരണം വിവരസാങ്കേതികവിദ്യ</u>

**7043 ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി എന്തെല്ലാം ടൂറിസം പ്രചാരണ പരിപാടികളാണ് നടത്തിയിരുന്നത്; അവയ്ക്ക് ഏതെല്ലാം അംഗീകാരങ്ങളും അവാർഡുകളുമാണ് ലഭിച്ചിട്ടുള്ളത്;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ടൂറിസം പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അത് എന്തായിരുന്നുവെന്നും അതിന്റെ ചുമതല ആർക്കായിരുന്നുവെന്നും, ആയതിന് എന്തെങ്കിലും അവാർഡ് ലഭിച്ചിരുന്നോ വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസിലെ പുതിയ കോഴ്സുകൾ**

7044

**ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിലുളള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് പുതിയ കോഴ്സുകൾ നടത്തുന്നതിനായി കൺസൽട്ടന്റുമാരെ കണ്ടെത്തിയിട്ടുണ്ടോ. വിശദാംശങ്ങൾ നല്കാമോ;

(ബി) ഏതെല്ലാം സ്കിൽ ഡവലപ്മെന്റ് കോഴ്സുകൾ, 'കിറ്റ്സി'ന്റെ ഏതെല്ലാം ക്യാമ്പസുകളിൽ നടത്താനാണ് കൺസൾട്ടന്റിനെ കണ്ടെത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കൺസൾട്ടന്റുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണ്; പ്രസ്തുത കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) 'കിറ്റ്സ്' നിലവിൽ നടത്തിവരുന്ന ഏതെല്ലാം സ്കിൽ ഡവലപ്മെന്റ് കോഴ്സുകളാണ് പദ്ധതിയുടെ ഭാഗമായി മാറുക എന്ന് വ്യക്തമാക്കുമോ ;

(ഡി) 'കിറ്റ്സിന്' നേരിട്ട് പുതിയ സ്കിൽ ഡവലപ്മെന്റ് കോഴ്സുകൾ ആരംഭിക്കാൻ കഴിയാത്തത് എന്ത്കൊണ്ടാണ്?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**വൺ ഡേ ടൂറിസം പാക്കേജ്**

7045 **ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടൂറിസം ഡെസ്റ്റിനേഷൻ സെന്ററുകളായ കാലടി, മലയാറ്റൂർ തുടങ്ങിയ പഞ്ചായത്തുകളെയും മണപ്പാട്ടുചിറ, പ്ലാന്റേഷൻ, ഏമാറ്റുമുഖം, അതിരപ്പിള്ളി, മഹാഗണിത്തോട്ടം, കോടനാട് തുടങ്ങിയ പ്രദേശങ്ങളെയും ഉൾക്കൊളളിച്ച് കൊണ്ട് വൺഡേ ടൂറിസം പാക്കേജിന് രൂപം കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ പ്രദേശങ്ങളിലേക്കുളള കാലടി - മലയാറ്റൂർ റോഡ്, മഞ്ഞപ്ര - നടുവട്ടം, മലയാറ്റൂർ, ഏഴാറ്റുമുഖം, അതിരപ്പിളളി, തുടങ്ങിയ പ്രദേശങ്ങളിലെ റോഡുകളുടെ വികസനത്തിനായി നടപടി സ്വീകരിക്കുമോ;

(സി) ഏഴാറ്റുമുഖത്തേയും തുമ്പൂർമുഴിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന തൂക്കുപാലത്തിന്റെയും മഹാഗണിത്തോട്ടത്തിന്റെയും ഏഴാറ്റുമുഖം പ്രകൃതിഗ്രാമത്തിന്റെയും നിർമ്മാണത്തിനും നവീകരണത്തിനും നടപടി സ്വീകരിക്കുമോ;

(ഡി) മഹാഗണിത്തോട്ടത്തെ ഇക്കോ ടൂറിസം സെന്ററാക്കി വികസിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**വയനാടിന്റെ വിനോദസഞ്ചാര സാധ്യതകൾ**

**7046**

**ശ്രീ. എം. വി. ശ്രേയാംസ്കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വയനാടിന്റെ വിനോദസഞ്ചാര സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതു സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) എല്ലാ വിനോദ സഞ്ചാര മേഖലകളെയും ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വയനാടിനെ മികച്ച വിനോദസഞ്ചാര മേഖലയായി മാറ്റുമോ ?

# കേരള നിയമസഭ
# 13.07.2012 -ലെ മറുപടിക്ക്

**<u>കോവളം മാസ്റ്റർ പ്ലാൻ</u>**

**7047 ശ്രീ. എസ്. ശർമ്മ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോവളം തീരം സുന്ദരമാക്കുന്നതിനായി രൂപം നൽകിയ 'കോവളം മാസ്റ്റർ പ്ലാനി'ന്റെ പ്രവർത്തനം ലക്ഷ്യം കാണാതെ പോയത് എന്തുകൊണ്ടാണ്;

(ബി) കോവളം തീരത്തിന്റെ ഹരിതവൽക്കരണം, പ്ലാസ്റ്റിക് രഹിത തീരം, ഇടക്കല്ല് പാറക്കൂട്ടങ്ങളിലെ സൗന്ദര്യവൽക്കരണം എന്നീ മാസ്റ്റർ പ്ലാൻ പദ്ധതികൾക്കായി എത്ര തുകയാണ് നീക്കിവച്ചത്; ഇതിൽ എത്ര രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്;

(സി) ഇതിനോടനുബന്ധിച്ചുള്ള ശുദ്ധജല വിതരണ പദ്ധതി, മാലിന്യസംസ്കരണ പ്ലാന്റ് എന്നിവയുടെ പ്രവർത്തനം സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാതിരുന്നതുമൂലം ഈ സീസണിൽ ടൂറിസ്റ്റുകാർക്കുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**കേരള നിയമസഭ**
**13.07.2012 -ലെ മറുപടിക്ക്**

**<u>"കോവളം മാസ്റ്റർ പ്ലാൻ" ഭൂമി കൈയ്യേറ്റം</u>**

**7048 ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായ ക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) "കോവളം മാസ്റ്റർ പ്ലാൻ" പ്രകാരം റോഡുകളുടെ വീതികൂട്ടൽ, കഴക്കൂട്ടം - കോവളം ബൈപ്പാസ് റോഡ് മാലിന്യമുക്തമാക്കൽ എന്നിവ പ്രാവർത്തികമാക്കാനായി എന്ത് തുകയാണ് നീക്കിവച്ചിരിക്കുന്നത്; ഇതിൽ എത്ര തുക ഇതിനകം ചെലവാക്കിയിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി ലക്ഷ്യം കാണാതെ പോയത് എന്തു കൊണ്ടാണ്; വ്യക്തമാക്കാമോ;

(സി) സ്വകാര്യഹോട്ടൽ ഉടമകൾ കോവളം തീരത്തെ സർക്കാർ ഭൂമി കൈയ്യേറി വാഹനം പാർക്ക് ചെയ്യുന്നത് നിയന്ത്രിക്കാൻ നടപടി കൈക്കൊണ്ടിട്ടില്ലായെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ**

**7049 ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഡി.റ്റി.പി.സി എകസിക്യൂട്ടീവ് കമ്മിറ്റി പുന:സംഘടിപ്പിച്ചപ്പോൾ അമ്പലപ്പുഴ എം.എൽ.എ യെ പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അമ്പലപ്പുഴ എം.എൽ.എ യെ ഡി.റ്റി.പി.സി എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>തിരുവനന്തപുരം ഡി.റ്റി.പി.സി യിലെ വിവിധ തസ്തികകളിലെ നിയമനം</u>

7050 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും
വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തിരുവനന്തപുരം ഡി.റ്റി.പി.സി യിൽ വിവിധ തസ്തികകളിലായി എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; സ്ഥിരനിയമനത്തിന്റേയും ദിവസവേതനത്തിലുള്ള നിയമനത്തിന്റേയും കണക്ക് തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവർക്ക് നല്കുന്ന പ്രതിദിന വേതനത്തിന്റെ കണക്ക് തസ്തിക തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**കാസർഗോഡ് വീരമലക്കുന്ന് ടൂറിസം**

7051 **ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യത്തിന്
പട്ടികജാതി- പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

**കാസർഗോഡ് ജില്ലയിലെ വീരമലക്കുന്ന് കേന്ദ്രീകരിച്ച് ടൂറിസം പദ്ധതിക്ക് ബഡ്ജറ്റിൽ നിർദ്ദേശങ്ങൾ ഉണ്ടായിട്ടും നാളിതുവരെ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?**

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ബേക്കൽ ടൂറിസം കുടിവെള്ള പദ്ധതി ഷട്ടർ തുറക്കുന്നതിന് നടപടി**

7052 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ ടൂറിസം കുടിവെള്ള പദ്ധതിക്കായി കരിച്ചേരി പുഴയിൽ ബംങ്ങാട് കായക്കുന്നത്ത് നിർമ്മിച്ച അണക്കെട്ടിന്റെ ഷട്ടർ ഇതുവരെ തുറന്ന് വിട്ടിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം പുഴയിൽ മണ്ണ് നിറഞ്ഞ് പുഴ നശിച്ചുകൊണ്ടിരിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) ഷട്ടർ തുറന്ന് വിട്ട് മണ്ണ് നീക്കി പുഴ സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഈ കാലവർഷത്തിൽ തന്നെ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**ആലപ്പുഴ കനാൽ നവീകരണത്തിന്റെ ഭാഗമായ ഉപ്പുവെള്ള പദ്ധതി**

7053 **ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാ
രവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ യു. ഡി. എഫ് ർക്കാരിന്റെ കാലത്ത് ഉത്ഘാടനം ചെയ്ത ആലപ്പുഴ കനാൽ നവീകരണത്തിന്റെ ഭാഗമായ ഉപ്പുവെള്ള പദ്ധതി പരാജയപ്പെടാനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) ആലപ്പുഴയുടെ ഭൂമിശാസ്ത്രപരവും പാരിസ്ഥിതികവുമായ കാര്യങ്ങളെക്കുറിച്ച് പരിജ്ഞാനമില്ലാത്തവർ നടത്തിയ പഠനവും - നിർമ്മാണവും പ്രസ്തുത പദ്ധതിയുടെ പരാജയത്തിന് കാരണമായിട്ടുണ്ടോ;

(സി) നിർമ്മാണ സമയത്തുതന്നെ പദ്ധതിയുടെ അശാസ്ത്രീയതയെയും പദ്ധതി നടത്തിപ്പിലെ അഴിമതിയെയും കുറിച്ച് പത്രമാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു; ഇല്ലെങ്കിൽ എന്തു നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു?

## കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

<u>പെരുന്തേനരുവി - മണിയാർ ടൂറിസം പദ്ധതി</u>

7054 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പെരുന്തേനരുവി ടൂറിസം പദ്ധതിയുടെ ആദ്യഘട്ടപ്രവർത്തനങ്ങൾക്ക് എത്ര കോടി രൂപയാണ് അനുവദിച്ചത് ; പ്രസ്തുത തുക ഉപയോഗിച്ച് ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത് ;

(ബി) ആദ്യഘട്ടത്തിൽ വിഭാവനം ചെയ്തിരുന്ന പദ്ധതികൾ പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏതൊക്കെയാണ് പൂർത്തിയായത് ; ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതൊക്കെയാണ് ; ഇവയുടെ പൂർത്തീകരണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; ഇത് പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; രണ്ടാം ഘട്ടത്തിൽ ഏതൊക്കെ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; ഇതിന് എന്തു തുക ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) മണിയാർ ഡാം കേന്ദ്രീകരിച്ചു നടപ്പാക്കുന്ന ടൂറിസം പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ഇ) പെരുന്തേനരുവി പദ്ധതിയുടെയും മൂന്നാം ഘട്ടത്തിനും, മണിയാർ പദ്ധതിയുടെ രണ്ടാം ഘട്ടത്തിനും പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാൻ നിർദ്ദേശം നൽകുമോ ?

**കേരള നിയമസഭ**

**13.07.2012 -ലെ മറുപടിക്ക്**

**<u>വര്‍ക്കല പാപനാശത്തിന് സമീപം ആയുംവ്വേദ മസാജു സെന്ററുകള്‍</u>**

**7055** **ശ്രീ. എ. കെ. ശശീന്ദ്രന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) വര്‍ക്കല പാപനാശത്തിന് സമീപം എത്ര ആയുര്‍വ്വേദ മസാജു സെന്ററുകള്‍ നടത്തുന്നതിന് അനുമതി നല്‍കിയിട്ടുണ്ട്;

(ബി) അനധികൃതമായി വര്‍ക്കലയില്‍ പ്രവര്‍ത്തിക്കുന്ന മസാജു സെന്ററുകളുടെ പേരില്‍ നടപടി സ്വീകരിക്കുമോ;

(സി) അനധികൃതമായി പ്രവര്‍ത്തിക്കുന്ന സെന്ററുകളുടെ മറയില്‍ ലഹരിമരുന്ന് വില്പന നടത്തുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ആയത് തടയുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദവിവരം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.07.2012 –ലെ മറുപടിക്ക്

**കവണാറ്റിൻകര ടൂറിസ്റ്റ് കേന്ദ്രത്തിന് സമീപത്തുള്ള അനധികൃത മസ്സാജ് സെന്ററുകൾ**

7056 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി – പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ അനുമതി കൂടാതെ നടത്തുന്ന അനധികൃത മസ്സാജ് സെന്ററുകൾക്കെതിരെ എന്തെല്ലാം ശിക്ഷാ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) കോട്ടയം ജില്ലയിലെ കവണാറ്റിൻകര ടൂറിസ്റ്റ് കേന്ദ്രത്തിന്റെ സമീപ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന അനധികൃത മസ്സാജ് സെന്ററുകളെക്കുറിച്ച് അന്വേഷണം നടത്തി അവയ്ക്കെതിരെ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.07.2012 -ലെ മറുപടിക്ക്

**<u>ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിന്റെ വികസനം</u>**

**7057**

**ശ്രീ. വി. ചെന്താമരാക്ഷൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിൽ ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിന്റെ വികസനത്തിനായി നിർദ്ദേശിക്കപ്പെട്ട പുതിയ പദ്ധതികൾ എന്തെല്ലാമാണ്; അവ വർക്കിങ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ക്രാഫ്റ്റ് വില്ലേജിനെ ഒരു ടൂറിസം കേന്ദ്രമായി വളർത്തിക്കൊണ്ട് വരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ക്രാഫ്റ്റ് വില്ലേജ് വടകര ഡസ്ക് ബാങ്ക്സ്, കുഞ്ഞാലി മരയ്ക്കാർ സ്മാരകം എന്നിവയെ ബന്ധിപ്പിച്ചുകൊണ്ട് സർവ്വീസ് നടത്തുന്നതിനായി നിർമ്മാണത്തിലിരിക്കുന്ന ബോട്ടിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കും;

(ഡി) ക്രാഫ്റ്റ് വില്ലേജിൽ ഇപ്പോൾ ഏതെല്ലാം ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്; പ്രസ്തുത ക്രാഫ്റ്റ് വില്ലേജ് സന്ദർശിക്കുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ; ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.കെ. മുരളീധരൻ,
തിരുവനന്തപുരം, സെക്രട്ടറി-ഇൻ-ചാർജ്
2012 ജൂലൈ 04

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.